**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 56** **01-02-2023 - ൽ മറുപടിയ്ക്ക്**

**സെക്രട്ടേറിയറ്റിൽ സ്ഥാപിച്ച പുതിയ ആക്സസ്സ് കാർഡ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സെക്രട്ടേറിയറ്റിൽ പുതുതായി നടപ്പിലാക്കിയ ആക്സസ്സ് കാർഡ് സംവിധാനം കൊണ്ടു വന്നതിന്റെ ഉദ്ദേശ്യം വ്യക്തമാക്കാമോ; | (എ) | സുരക്ഷാ കാരണങ്ങളാൽ ജീവനക്കാരുടെയും സന്ദർശകരുടെയും സെക്രട്ടേറിയറ്റിനകത്തേയ്ക്കും പുറത്തേയ്ക്കുമുള്ള സഞ്ചാരം ക്രമീകരിക്കുന്നതിനും രേഖപ്പെടുത്തുന്നതിനുമാണ് അക്സസ് കൺട്രോൾ സിസ്റ്റം നടപ്പാക്കാൻ തീരുമാനിച്ചത്. |
| (ബി) | ആക്സസ്സ് കാർഡ് സംവിധാനം നടപ്പിലാക്കിയതിന്റെ ഭാഗമായി എത്ര തുക ചെലവഴിച്ചു; കരാർ നൽകിയ സ്ഥാപനത്തിന്റെ വിശദാംശം നൽകാമോ; | (ബി) | കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ സാങ്കേതിക സഹായത്തോടുകൂടി കെൽട്രോൺ മുഖേന നടപ്പാക്കുന്ന പദ്ധതിക്ക് 1,95,40,631 (ഒരു കോടി തൊണ്ണൂറ്റഞ്ച് ലക്ഷത്തി നാല്പതിനായിരത്തി അറുന്നൂറ്റിമുപ്പത്തൊന്ന്) രൂപയാണ് അനുവദിച്ചിട്ടുള്ളത്. 58,62,190 രൂപ ഇതിനകം കെൽട്രോണിന് നൽകിയിട്ടുണ്ട്. |
| (സി) | ആക്സസ്സ് കാർഡ് സംവിധാനം നടപ്പിലാക്കുന്നതിന് സെക്രട്ടേറിയറ്റിനുള്ളിലെ ഭരണ-പ്രതിപക്ഷ സർവ്വീസ് സംഘടനകൾ എതിർപ്പ് പ്രകടിപ്പിച്ച സാഹചര്യത്തിൽ ഭീമമായ തുക വിനിയോഗിച്ച് സ്ഥാപിച്ച പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ; | (സി) | പുതിയ സംവിധാനം ആരംഭിക്കുന്നതിന് മുന്നോടിയായി സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ സംഘടനകളുമായി ചീഫ് സെക്രട്ടറി ചർച്ച നടത്തിയിട്ടുണ്ട്. |
| (ഡി) | എം.എൽ.എ., എം.പി. തുടങ്ങിയവർക്കും അവരുടെ പേഴ്സണൽ സ്റ്റാഫുകൾക്കും, മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫുകൾക്ക് അനുവദിച്ച ഇളവ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | അക്സ്സ് കൺട്രോൾ സംവിധാനം എപ്രകാരം നടപ്പാക്കണമെന്നതു സംബന്ധിച്ച കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ